**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് – ബ്ലോക്ക് പഞ്ചായത്തിൽ ഇന്ദിരാ ആവാസ് യോജന ഭവന നിർമ്മാണത്തിന് ചെലവഴിക്കാതെ കിടക്കുന്ന ബാങ്ക് അക്കൗണ്ടിലെ തുക ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് അനുവാദം നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ)നം. 351/13/തസ്വഭവ തിരുവനന്തപുരം, തീയതി, 29.10.2013

==========================================================================

പരാമർശം:– 1. 16.08.2013 ലെ ഗ്രാമവികസന കമ്മീഷണറുടെ 4642/ഡിപി.4/12/ സി.ആർ.ഡി നമ്പർ കത്ത്.

2. 23.10.2013 ലെ കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 3.3 നമ്പർ തീരുമാനം.

## <u>ഉത്തരവ്</u>

ബ്ലോക്ക് പഞ്ചായത്തിൽ ഐ.എ.വൈ. ഭവന നിർമ്മാണത്തിന് ചെലവഴിക്കാതെ കിടക്കുന്ന ബാങ്ക് അക്കൗണ്ടിലെ തുകയിൽ നിന്ന് (കേന്ദ്ര/സംസ്ഥാന വിഹിതവും)2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ ഗുണഭോക്താക്കൾക്ക്, സംസ്ഥാന സർക്കാർ അനുവദിച്ച യൂണിറ്റ് കോസ്റ്റ് തുക (എസ്.സി., ജനറൽ-2 ലക്ഷം, എസ്.റ്റി.-2.50 ലക്ഷം) ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകളോടെ ലഭ്യമാക്കുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

2. കേന്ദ്ര സർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് തുകയ്ക്ക് (2011-12, 2012-13 = 48500 രൂപ, 2013-14 = 70000/- രൂപ) പുറമെയുള്ള തുക ഏത് സ്രോതസ്സിൽ നിന്നാണോ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടത് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം, സഹകരണ സ്ഥാപനങ്ങളിൽ നിന്ന് 10 വർഷം കൊണ്ട് തിരിച്ചടക്കേണ്ട ബ്ലോക്ക് പഞ്ചായത്ത് എടുക്കുന്ന വായ്പ തുക (75000/- രൂപ) 2011-12 സർക്കാർ നേരിട്ട് നൽകുന്ന തുക (2012-13, 75000 രൂപ, 2013-14 = 50000/- രൂപ) മേപ്പടി സ്രോതസ്സിൽ നിന്ന് തന്നെ അതത് സാമ്പത്തിക വർഷം റീക്കൂപ്പ് ചെയ്യേണ്ടതാണ്.

3. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് ഗുണഭോക്താക്കളെ കണ്ടെത്തുമ്പോൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശപ്രകാരം തയ്യാറാക്കി പ്രസിദ്ധീകരിച്ച ബി.പി.എൽ പട്ടിക പ്രകാരമായിരിക്കണം കണ്ടേത്തേണ്ടത്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

അനിത ദാമോദരൻ,

ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
4. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
7. തദ്ദേശ സ്വയംഭരണ(ഡി.ബി.) വകുപ്പ്
8. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
9. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
10. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ